**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

**(ഹാജർ : Seeram Sambasiva Rao IAS)**

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ഭരണ ജാഗ്രത - ഇടുക്കി ജില്ല - ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് - അനധികൃത കെട്ടിട നിർമ്മാണം - ആകസ്മിക പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ - സെക്രട്ടറി ശ്രീ.ജെ.മധുസൂദനൻ ഉണ്ണിത്താനെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവാകുവാകുന്നു.

പരാമർശം: തദ്ദേശ സ്വയംഭരണ വകുപ്പ് ഇടുക്കി ഇന്റേണൽ വിജിലൻസ് ഓഫീസറുടെ 24/09/2024 ലെ IVO - III / LSGD - IDK / 200 നം റിപ്പോർട്ട്

**ഉത്തരവ് നമ്പർ LSGD/PD/33602/2024-VIGB4 തീയതി: 29-09-2024**

തദ്ദേശ സ്വയംഭരണ വകുപ്പ് ഇടുക്കി ഇന്റേണൽ വിജിലൻസ് ഓഫീസർ ശ്രീ.അബ്ദുൾ സമദ്.പി.എം ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിൽ 23.09.2024 ൽ നേരിട്ടെത്തി ഫയലുകളും രേഖകളും ഫീൽഡ് പരിശോധനയും നടത്തി പരാമർശ പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

പ്രസ്തുത ആകസ്മിക പരിശോധനയിൽ ദേവികുളം, ഉടുമ്പൻചോല, പീരുമേട് താലൂക്കുകളിൽ സ്റ്റോപ്പ് മെമ്മോക്ക് വിരുദ്ധമായി നടന്നു വരുന്ന 57 കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി നിർത്തി വയ്ക്കുന്നതിനും പ്രസ്തുത കെട്ടിടങ്ങൾ തുടർന്ന് ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിനും ബഹു.കേരള ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ആയതിൽ ചിന്നക്കനാൽ ഗ്രമപഞ്ചായത്ത് പരിധിയിൽ വരുന്ന 7 കെട്ടിടങ്ങളിൽ നടത്തിയിട്ടുള്ള അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളതുമാണ്.

1. ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിൽ ശ്രീ.മനോജ് എം.എസ്.എന്നയാളുടെ ഉടമസ്ഥതയിലുള്ള 3/42, 3/43 നമ്പർ കെട്ടിടങ്ങളുടെ നിലവിലെ അവസ്ഥ അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളിൽ നിന്നും വ്യത്യസ്തമായി കെട്ടിടം രണ്ട് നിലകളായി പുതുക്കിപണിതിട്ടുള്ളതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിൽ വർദ്ധനവ് വരുത്തുകയും നിലവിൽ ടി കെട്ടിടം വാസഗൃഹമായും അതോടൊപ്പം ഹോം സ്റ്റേ ആയും ഉപയോഗിക്കുന്നതായും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കെട്ടിടം ഉപയോഗിക്കുന്നത് വിലക്കിക്കൊണ്ട് നോട്ടീസ് നൽകിയ കെട്ടിടത്തിന് 12/07/2024 ലെ അപേക്ഷ പ്രകാരം ഹോം സ്റ്റേ അനുവദിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലൈസൻസ് നൽകിയിട്ടുണ്ട്.

2. ശ്രീ.വേലുസ്വാമി എന്നയാളുടെ ഉടമസ്ഥതയിലുള്ള 3/170, 3/171, 3/6 - UA നമ്പർ കെട്ടിടം ഒറ്റ ബിൽഡിംഗ് ആണ്. ഇത് നാല് ഭാഗങ്ങളാക്കി ടിയാന്റെ കുടുംബാംഗങ്ങൾ തന്നെ പാർപ്പിടാവശ്യത്തിനായി വിനിയോഗിക്കുന്നുണ്ട്. ടി കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിൽ

വർദ്ധനവ് വരുത്തുകയും ശ്രീ. വേലുസ്വാമിയുടെ പേരിൽ 3/170, 3/171എന്നീ നമ്പർ കെട്ടിടങ്ങൾ നിലവിലുള്ളപ്പോൾ തന്നെ ടിയാൾക്ക് സെക്രട്ടറി 3/6 - UA കെട്ടിട നമ്പർ അനുവദിച്ച് നല്കുകയും ചെയ്തിട്ടുണ്ട്.

3. ശ്രീ. എൽ. ഗണേശൻ എന്നയാളുടെ പേരിൽ 3/402 - 3/406, 3/444 - 3/447 ആയി 9 കെട്ടിട നമ്പറുകൾ അനുവദിച്ച് നൽകിയിട്ടുള്ളതായി സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ബോധ്യപ്പെട്ടിട്ടുണ്ട്. ഒറ്റ നില കെട്ടിടത്തിനാണ് നമ്പർ അനുവദിച്ചിട്ടുള്ളത്. എന്നാൽ ടി കെട്ടിടം നിലവിൽ 2 നിലകളായി മാറ്റുകയും കെട്ടിടത്തിൻറെ വിസ്തീർണ്ണത്തിൽ വർദ്ധനവ് വരുത്തുകയും ചെയ്തിട്ടുണ്ട്.

4. ശ്രീ.വി.രാജ് കുമാറിൻറെ പേരിലുള്ള കെട്ടിടം പുതുക്കി പണിയുകയും കെട്ടിടത്തിന്റെ വിസ്തീർണ്ണം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

5. ശ്രീ.റെജി ജോയി, പടിപ്പുരയ്ക്കൽ ചിന്നക്കനാൽ എന്നയാളുടെ പേരിൽ 2/583 മുതൽ 2/588 വരെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളും ഗാർഹികാവശ്യത്തിനുള്ള 4 കെട്ടിടങ്ങളും അനുവദിച്ച് നൽകിയിട്ടുള്ളതായി 2013-14 ലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരവും സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ടി കെട്ടിടത്തിന്റെ ഘടനയിൽ വ്യതിയാനം വരുത്തുകയും കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിൽ വർദ്ധനവ് വരുത്തുകയും ചെയ്തിട്ടുണ്ട്. ടി കെട്ടിടം ഏതെങ്കിലും രീതിയിൽ ഉപയോഗിക്കാൻ പാടില്ല എന്ന് സെക്രട്ടറി നോട്ടീസ് നൽകുകയും എന്നാൽ അതേ സെക്രട്ടറി തന്നെ ബിവറേജസ് കോർപ്പറേഷന്റെ ഉടമസ്ഥതതയിലുള്ള എഫ്.എൽ -1 6020 നമ്പർ ഷോപ്പ് പ്രവർത്തിക്കുന്നതിന് 11.04.2024 തീയതിയിൽ ലൈസൻസ് നൽകിയിട്ടുള്ളതായി കാണുന്നു.

6. ശ്രീ.ഡേവിഡ് രാജ് ന്റെ ഉടമസ്ഥതയിലുള്ള 10/276 നമ്പർ ഒറ്റ നില കെട്ടിടത്തിന്റെ വിസ്തീർണ്ണം സഞ്ചയ സോഫ്റ്റ് വെയർ പ്രകാരവും 2013-14 ലെ അസസ്മെൻറ് രജിസ്റ്റർ പ്രകാരവും 59.97 ച.മീറ്റർ ആണ്. എന്നാൽ ഫീൽഡ് പരിശോധനയിൽ ടി കെട്ടിടം 3 നിലയിലുള്ളതും 360 (120 X 3) ച.മീ വിസ്തീർണ്ണം ഉള്ളതാണെന്നും ബോധ്യപ്പെട്ടിട്ടുണ്ട്.

7. ശ്രീ. മണി സി. എന്നയാളുടെ ഉടമസ്ഥതയിൽ 10/284 - 10/287 നമ്പറിൽ 4 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളും 10/402, 10/403, 10/404 നമ്പരിൽ 3 ഗാർഹികാവശ്യത്തിനുള്ള കെട്ടിടങ്ങളും ഉള്ളതായി സഞ്ചയ സോഫ്റ്റ് വെയർ പ്രകാരവും 2013-14 ലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരവും ബോധ്യപ്പെട്ടിട്ടുണ്ട്. ടി കെട്ടിടം ഏതെങ്കിലും രീതിയിൽ ഉപയോഗിക്കാൻ പാടില്ല എന്ന് ഇടുക്കി ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം നോട്ടീസ് നൽകിയിട്ടും മേൽപ്പറഞ്ഞിരിക്കുന്ന 10/284, 10/286 നമ്പർ കെട്ടിടങ്ങളിൽ ശ്രീലക്ഷ്മി ഹോട്ടൽ & ഹോം സ്റ്റേ എന്ന സ്ഥാപനം നടത്തുന്നതിന് 13.06.2024 ൽ സെക്രട്ടറി ലൈസൻസ് നൽകുകയും 10/285 നമ്പർ കെട്ടിടത്തിൽ വസ്ത്ര വ്യാപാരം നടത്തുന്നതിന് 04.05.2024 തീയതിയിൽ ലൈസൻസ് നൽകുകയും ചെയ്തിട്ടുണ്ട്. ടി കെട്ടിടത്തിൻറെ വിസ്തൃതി വർദ്ധിപ്പിച്ചതായും കാണുന്നുണ്ട്.

മേൽ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി നിർത്തിവച്ച് ടി കെട്ടിടങ്ങളുടെ ഉപയോഗം തടഞ്ഞുകൊണ്ട് ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ല കളക്ടർ നിർദ്ദേശം നല്കിയിട്ടും ടി കെട്ടിടങ്ങളിൽ നടത്തിയിട്ടുള്ള അനധികൃത നിർമ്മാണം തടയുകയോ ടി കെട്ടിട ഉടമകൾക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുകയോ ചെയ്യാതെ ബഹു. ഹൈക്കോടതി ഉത്തരവിനും ജില്ലാ കളക്ടറുടെ നിർദ്ദേശത്തിനും വിരുദ്ധമായി ടി കെട്ടിടങ്ങൾ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് ലൈസൻസ് അനുവദിച്ചതിൽ ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ജെ. മധുസൂദനൻ ഉണ്ണിത്താൻ എന്നയാളുടെ ഭാഗത്ത് നിന്നും ഗുരുതര കൃത്യവിലോപം, നിയമങ്ങളുടേയും ചട്ടങ്ങളുടേയും ലംഘനം, അച്ചടക്കലംഘനം, അധികാരദുർവിനിയോഗം എന്നിവ സംഭവിച്ചതായി ബോധ്യപ്പെട്ടതിനാൽ ടിയാനെ 1960 ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 10 (1) പ്രകാരം അന്വേഷണവിധേയമായി ഉടൻ പ്രാബല്യത്തിൽ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു.

സസ്പെൻഷൻ കാലയളവിൽ ശ്രീ. ജെ. മധുസൂദനൻ ഉണ്ണിത്താൻ - ന് നിയമാനുസൃത ഉപജീവന ബത്തക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

Seeram Sambasiva Rao IAS

PRINCIPAL DIRECTOR

SEERAM SAMBASIVA RAO IAS
PEN : 721045
Principal Director
Local Self Government Department
Swaraj Bhavan, Nanthencode
Kowdiar PO, Tvpm - 695003

ശ്രീ.ജെ.മധുസൂദനൻ ഉണ്ണിത്താൻ
സെക്രട്ടറി, ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത്
(തദ്ദേശ സ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന)

പകർപ്പ് :
1. ജില്ലാ ജോയിന്റ് ഡയറക്ടർ, ഇടുക്കി (ഉത്തരവ് നടപ്പിൽ വരുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്)
2. സെക്രട്ടറി, ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത്
3. സൂപ്രണ്ട്, DEA സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
4. സൂപ്രണ്ട്, DED സെക്ഷൻ ( വിവരാവകാശ നിയമം 2005 പ്രകാരം വെബ്സൈ പ്രസിദ്ധീകരിക്കുന്നതിന് )
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി

PRINCIPAL DIRECTORATE • LOCAL SELF GOVT. DEPARTMENT • THIRUVANANTHAPURAM